**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1333** 02-03-2017 **ൽ മറുപടിക്ക്**

**കേരള ലോ അക്കാദമി ലോ കോളേജിന് അനുവദിച്ച ഭൂമി**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കേരള ലോ അക്കാഡമി ലോ കോളേജിന് എത്ര ഹെക്ടർ ഭൂമിയാണ് പതിച്ചു നൽകിയിട്ടുള്ളതെന്നും അവ എന്തെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് അനുമതി നല്കിയതെന്നും വെളിപ്പെടുത്താമോ; | (എ) | 4.5690 ഹെക്ടർ സർക്കാർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. ലോ അക്കാദമിയുടെ വികസനത്തിനാണ് ടി ഭൂമി അനുവദിച്ചിരുന്നത്. |
| (ബി) | പഠനാവശ്യങ്ങൾക്കല്ലാതെ ഭൂമി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോ ; | (ബി) & (സി) | ഉണ്ട്. വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ പ്രവർത്തിക്കുന്ന റസ്റ്റോറന്റും, കോ-ഓപ്പറേറ്റീവ് ബാങ്കും ഈ ഭൂമിയിലുണ്ട്. ലോ അക്കാദമി ഭൂമി ഉപയോഗവുമായി ബന്ധപ്പെട്ട് മുഖ്യകവാടം പുറമ്പോക്ക് റോഡിൽ നിർമ്മിച്ചിട്ടുള്ളതിനാൽ ടി കവാടം തഹസീൽദാർ മുഖാന്തിരം ഒഴിപ്പിച്ചിട്ടുള്ളതും, കൂടാതെ അക്കാദമി കോംപ്ലക്സിൽ റസ്റ്റോറന്റും ബാങ്ക് ശാഖയും പ്രവർത്തിക്കുന്ന സ്ഥലം വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്ന സാഹചര്യത്തിൽ ഭൂമി പതിവ് വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതിനാൽ ഈ കെട്ടിടത്തിലെ പ്രവർത്തനങ്ങൾ ഒഴിപ്പിക്കുന്നതിനും ഈ സ്ഥലം തിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഉണ്ടെങ്കിൽ അവ തിരിച്ച് പിടിക്കുന്നതിനും ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | | |
| (ഡി) | ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഭരണ പരിഷ്കരണ കമ്മീഷൻ ചെയർമാൻ കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | ഉണ്ട്. ആയതിലെ ആരോപണങ്ങൾ അന്വേഷിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**